## പതിനാലാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2701 07.12.2018-ൽ മറുപടിയ്ക്ക്

### ഗോത്രവർഗ്ഗ പൈതൃകവും തനതുകലകളും സംരക്ഷിക്കുന്ന നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.എം. മുകേഷ്<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| **ചോദ്യം** | **മറുപടി** |
| എ) അന്യം നിന്നുകൊണ്ടിരിക്കുന്ന ഗോത്രവർഗ്ഗ പൈതൃകവും തനതുകലകളും സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | എ) പട്ടികവർഗ്ഗക്കാരുടെ പൈതൃകവും കലാപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവ തനിമയോടെ നിലനിർത്തുന്നതിനുമായി കിർത്താഡ്സ് വകുപ്പിൽ ഒരു ആദികലാകേന്ദ്രവും എത്നോളജിക്കൽ മ്യൂസിയവും പ്രവർത്തിക്കുന്നുണ്ട്. ആദികലാകേന്ദ്രത്തിന്റെ ഭാഗമായി വർഷംതോറും പട്ടികവർഗ്ഗക്കാരുടെ തനത് കലാരൂപങ്ങളെ അടുത്ത തലമുറയ്ക്ക് പകർന്നു നല്കുന്നതിനും വേദിയിൽ അവതരിപ്പിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുമായി പഠനകളരി സംഘടിപ്പിക്കാറുണ്ട്. വർഷം തോറും രണ്ട് ജില്ലകളിലായി ഗദ്ദിക എന്ന പേരിൽ ഉൽപ്പന്ന പ്രദർശന വിപണന മേളകളുടെ ഭാഗമായി ഗോത്രവർഗ്ഗക്കാരുടെ കലകളുടെ അവതരണവും ഗോത്രസംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും പ്രദർശനവും തനിമയായ അവതരണവും സംഘടിപ്പിക്കാറുണ്ട്. 2013-ൽ സംസ്ഥാനത്തിലെ പട്ടികവർഗ്ഗ കലാരൂപങ്ങൾ, കലാസമിതികൾ, കലാകാരന്മാർ, കരകൗശല വിദഗ്ദ്ധർ എന്നിവയുടെ പേര് വിവര സൂചിക ഭാഗം -I പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>2017 മാർച്ചിൽ സംസ്ഥാനത്തിലെ ഗോത്രകലാരൂപങ്ങളുടെ പ്രോത്സാഹനവും സംരക്ഷണവും ലക്ഷ്യമിട്ട് "ഇന്ത്യയിലെ ഗോത്രകലകൾ" എന്ന പേരിൽ ഒരു അന്താരാഷ്ട്ര |

| | | | |
|---|---|---|---|
| | | | സെമിനാർ സംഘടിപ്പിക്കുകയും ആയതിലെ പ്രബന്ധങ്ങൾ "ട്രൈബൽ ആർട്ട് ആന്റ് സൊസൈറ്റി" എന്ന പേരിൽ പ്രസിദ്ധീകരിക്കുയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിലെ ഗോത്രജനതയുടെ കലകളെക്കുറിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ച് അവ ഗോത്രകലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി "ഗോത്രതാളം വാല്യം I & II" എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എത്‌നോളജിക്കൽ മ്യൂസിയത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗോത്രപൈതൃക സംരക്ഷണത്തിന്റെ ഭാഗമായി "തനത് ഭക്ഷണവും ഗോത്രജീവനോപാധികളും" എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത വിഭാഗങ്ങൾക്ക് പൈതൃകമായി പകർന്നു കിട്ടിയ വൈദ്യ ചികിത്സാ രീതികൾ പരിപോഷിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരമ്പരാഗത ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി ഗദ്ദിക എന്ന പേരിൽ സംഘടിപ്പിച്ച ഉൽപ്പന്ന പ്രദർശന മേളയുടെ വിശദാംശം നൽകുമോ; | സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പാരമ്പര്യ കലകളും കൈതൊഴിലുകളും പ്രോത്സാഹിപ്പിക്കുവാനാണ് വർഷം തോറും സംസ്ഥാനത്തെ രണ്ട് ജില്ലകളിൽ വച്ച് "ഗദ്ദിക - ഉൽപ്പന്ന പ്രദർശന വിപണന മേളയും നാടൻ കലാമേളയും" പരിപാടി നടത്തപ്പെടുന്നത്. മേളയുടെ ഭാഗമായി സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ ജനസമൂഹങ്ങളുടെ സാംസ്കാരിക വൈവിധ്യവും ബഹുസ്വരതയും പൊതുസമൂഹത്തെ അറിയിക്കുന്നതിന്റെയും അവ നില നിർത്തുന്നതിന്റെയും ഭാഗമായി പാരമ്പര്യ കലാരൂപങ്ങളുടെ അവതരണം, കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണം, പ്രദർശനം, വിപണനം, വംശീയ വൈദ്യ ചികിത്സാ ക്യാമ്പുകൾ, മരുന്നാവിക്കുളി, ഗോത്രസംസ്കൃതി പ്രദർശനം, തത്സമയ അവതരണം, വംശീയഭക്ഷ്യ മേളകൾ, തുടങ്ങിയവ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, കിർത്താഡ്സ് വകുപ്പ് എന്നിവ സംയുക്തമായി സംഘടിപ്പിക്കാറുണ്ട്. |
| ഡി) | പ്രസ്തുത വിഭാഗത്തിലെ യുവജനങ്ങൾക്ക് സ്വയംതൊഴിൽ | ഡി) | ഗദ്ദിക ഉൽപ്പന്ന പ്രദർശനമേളകൾ സ്വയംതൊഴിൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സഹായിക്കുന്നുണ്ട്. കൂടാതെ മറ്റു സ്റ്റാളുകളിലെ |

| | | | |
|---|---|---|---|
| | കണ്ടെത്തുന്നതിന് പ്രസ്തുത മേള എപ്രകാരമെല്ലാം സഹായകമായിയെന്ന് വിശദമാക്കാമോ? | | വൈവിധ്യങ്ങളായ ഉൽപ്പന്നങ്ങൾ കണ്ട് മനസിലാക്കുന്നതിനും സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ തമ്മിലുള്ള ആശയ വിനിമയത്തിനും ഗദ്ദിക മേളകൾ സഹായിക്കുന്നുണ്ട്. അത്തരം ആശയ വിനിമയങ്ങളിലൂടെയും മനസിലാക്കുന്നതിലൂടെയും പുതിയതും മെച്ചപ്പെട്ടതും വൈവിധ്യമുള്ളതുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഗദ്ദിക മേളകൾ യുവജനങ്ങൾക്ക് പ്രചോദനം നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**